Circular No: 159/2018


هيئة التعليم السنية بعموم كيرلا

**SAMASTHA KERALA SUNNI VIDYABHYASA BOARD**

SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6

PH: 0495 - 2772840,2772841,2772842,2772843,2772844,

Email:sksvb@ymail.com


## മൂല്യനിർണ്ണയ പരിഷ്കരണം

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡിൽ നിന്ന് റെയിഞ്ച് കമ്മിറ്റികളെയും മദ്റസാ മുഅല്ലിംകളെയും അറിയിക്കുന്നത്.

മത വിദ്യാഭ്യാസ രംഗം കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ അധ്യയന വർഷത്തോടെ മൂല്യനിർണ്ണയ രീതിയിൽ സുപ്രധാന മാറ്റങ്ങൾ നടപ്പിലാക്കിയിരുന്നല്ലോ. പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയ മുഴുവൻ മദ്റസകളിലെയും വിദ്യാർത്ഥികളിൽ ധാർമ്മിക മൂല്യങ്ങൾ പൂർവ്വോപരി വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

ഈ വർഷം മുഴുവൻ മദ്റസകളിലും പരിഷ്കരിച്ച മൂല്യനിർണ്ണയ ശൈലി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രാക്ടിക്കൽ, അസൈൻമെന്റ്, ഖുർആൻ ഹിഫ്ള്, എന്നിവയിൽ മാസംതോറും പരീക്ഷ നടത്തി മാർക്ക് രേഖപ്പെടുത്തണം. ദുൽഖഅ്ദ് മുതൽ റജബ് കൂടിയ ( സ്കൂൾ അധ്യയന വർഷത്തിനനുസരിച്ച് പ്രവർത്തിക്കുന്ന മദ്റസകളിൽ ജൂലായ് മുതൽ ഫെബ്രുവരി കൂടിയ) ഓരോ മാസങ്ങളിലും ഓരോ കുട്ടികൾക്കും പ്രസ്തുത വിഷയങ്ങളിൽ മാർക്ക് രേഖപ്പെടുത്തണം ഇതിനായി പ്രത്യേകം ഒരു നോട്ട് ബുക്ക് ഉപയോഗിക്കണം (പ്രതിമാസ മാർക്ക് റെജിസ്റ്ററിന്റെ മോഡൽ ഇതൊന്നിച്ചുണ്ട്).

വായന, എഴുത്ത്, കർമം, അസൈൻമെന്റ് എന്നീ വിഷയങ്ങളിൽ അവസാന മാസത്തിൽ കുട്ടിക്ക് ലഭിച്ച മാർക്കുകളാണ് പരിഗണിക്കേണ്ടത്.

ഉദാ:- വായന (20 മാർക്ക് )

| ദുൽഖഅദ് | ദുൽഹിജ്ജ | മുഹറം | സഫർ | റബിഉൽ അവ്വൽ | റബീഉൽ ആഖിർ | ജമാദുൽ അവ്വൽ | ജമാദുൽ ആഖിർ | റജബ് | ഫൈനൽമാർക്ക് |
|---|---|---|---|---|---|---|---|---|---|
| 10 | 12 | 13 | 15 | 15 | 16 | 18 | 18 | 18 | 18 |

എന്നാൽ ശീലം, വേഷം, ഹാജർ, എന്നീ വിഷയങ്ങളിൽ ഓരോ മാസത്തിലും ലഭിച്ച മാർക്കുകൾ കൂട്ടി ആകെ മാസങ്ങളെ (9) കൊണ്ട് ഹരിച്ച ശേഷം ലഭിക്കുന്ന മാർക്കാണ് പരിഗണിക്കേണ്ടത്.

ഉദാ: ശീലം (15 മാർക്ക് )

| ദുൽഖഅദ് | ദുൽഹിജ്ജ | മുഹറം | സഫർ | റബിഉൽ അവ്വൽ | റബീഉൽ ആഖിർ | ജമാദുൽ അവ്വൽ | ജമാദുൽ ആഖിർ | റജബ് | ആകെ |
|---|---|---|---|---|---|---|---|---|---|
| 11 | 12 | 13 | 13 | 13 | 13 | 14 | 14 | 14 | 117 |

**117 ÷ 9 =13** ഫൈനൽ മാർക്ക് 13

അർദ്ധ വാർഷിക പരീക്ഷക്ക് ഓരോ വിഷയങ്ങൾക്കും ലഭിച്ച മാർക്കിന്റെ വെയിറ്റേജ് മാർക്ക് പട്ടികയിൽ ചേർക്കണം.

**<u>ഗ്രേഡ് നിർണ്ണയം</u>**

ഓരോ വിഷയത്തിലും ലഭിച്ച മാർക്കിന്റെ ശതമാനമനുസരിച്ചാണ് ഗ്രേഡ് നിർണ്ണയിക്കുക. ഓരോ വിഷയത്തിലും മിനിമം 40 ശതമാനം മാർക്ക് ലഭിക്കണം. ഓരോ വിഷയത്തിനും വെവ്വേറെയാണ് ഗ്രേഡ് നിശ്ചയിക്കുക. ഏതെങ്കിലും ഒരു വിഷയത്തിൽ 40 ശതമാനത്തിൽ താഴെ മാർക്ക് ലഭിച്ചവർക്ക് തുടർ പഠനത്തിന് അർഹത ഉണ്ടായിരിക്കുകയില്ല. ( എല്ലാ വിഷയങ്ങളിലും മിനിമം സി.ഗ്രേഡ് ലഭിച്ചിരിക്കണം)

പ്രാക്ടിക്കൽ, ഖുർആൻ ഹിഫ്ള്, അസൈൻമെന്റ് എന്നിവയിൽ കുട്ടികൾക്ക് അധ്യാപകർ നൽകിയ മാർക്കുകൾ റെയിഞ്ച് മോണിറ്ററിംഗ് സമിതി പരിശോധിക്കുന്നതാണ്. മോണിറ്ററിംഗ് സമിതിക്ക് മദ്റസയിൽ പരിശോധനക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ കേന്ദ്ര കമ്മിറ്റിയുടെ നേതൃത്വത്തിൽ ഓരോ റെയിഞ്ചിലും മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതാണ്.

അധ്യയന വർഷത്തിലെ ആകെ പ്രവർത്തി ദിവസവും കുട്ടി ഹാജറായ ദിവസവും മാർക്ക് പട്ടികയിലെ റിമാർക്സ് കോളത്തിൽ പ്രത്യേകം എഴുതിച്ചേർക്കണം.

ഈ വർഷം പരിഷ്കരിച്ച് പുറത്തിറക്കിയ +1, +2 ക്ലാസുകളിലെ പരീക്ഷ താഴെ കാണിച്ച പ്രകാരം ( രണ്ട് ചോദ്യപ്പേപ്പറുകളിലായി) നടത്തപ്പെടുന്നതാണ്.

ചോദ്യപ്പേപ്പർ - 1 **تفسير القران والتصوف (معالم الطلاب)**

ചോദ്യപ്പേപ്പർ - 2 **الفقه (معالم الطلاب)**

പൊതുപരീക്ഷാ സംബന്ധമായ എല്ലാ വിവരങ്ങൾക്കും താഴെ കാണിച്ച ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

1- ജനറൽ പൊതു പരീക്ഷ : 09562616732, 09446970175

2- ബോർഡിംഗ്, ഇംഗ്ലീഷ് മീഡിയം പൊതുപരീക്ഷ : 09496459244, 09562616732

കോഴിക്കോട്

01-10-2018

സെക്രട്ടറി

സുന്നി വിദ്യാഭ്യാസ ബോർഡ്